മാതൃഭൂമി

13 April 2025

# മറൈൻ ഫിഷറീസ് സെൻസസ് നവംബർ-ഡിസംബർ മാസങ്ങളിൽ

**കൊച്ചി**▸ അഞ്ചാമത് ദേശീയ മറൈൻ ഫിഷറീസ് സെൻസസ് നവംബർ-ഡിസംബർ മാസങ്ങളിൽ നടക്കും. മത്സ്യത്തൊഴിലാളികളുടെ ഉപജീവനം, സാമൂഹിക-സാമ്പത്തിക നിലവാരം, മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യബന്ധന യാനങ്ങൾ, ഹാർബറുകൾ, ലാൻഡിങ് സെന്ററുകൾ, സംസ്കരണ യൂണിറ്റുകൾ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കും. മത്സ്യത്തൊഴിലാളി വിഭാഗത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട എന്യൂമറേറ്റർമാരാകും സെൻസസ് നടത്തുക. ഒൻപത് തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 12 ലക്ഷം മത്സ്യത്തൊഴിലാളി വീടുകളിൽനിന്ന് വിവരങ്ങൾ ശേഖരിക്കും.

ഫിഷറീസ് മന്ത്രാലയത്തിനു കീഴിലുള്ള കേന്ദ്ര ഫിഷറീസ് വകുപ്പാണ് സെൻസസിന് നേതൃത്വം നൽകുന്നത്. തീരദേശ സംസ്ഥാനങ്ങളിൽ സെൻസസിന്റെ മുഖ്യ ചുമതല കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപന (സിഎംഎഫ്ആർഐ) ത്തിനാണ്.